# KERALA POLICE INFORMATION CENTRE

No.27/PR/PIC/PHQ/10 Date : 07/04/10

## മുതിര്‍ന്ന പൗരന്മാരുടെ സംരക്ഷണം; പോലീസ് ഉദ്യോഗസ്ഥര്‍ക്ക് ഡി.ജി.പി യുടെ നിര്‍ദ്ദേശം

വൃദ്ധരായ മാതാപിതാക്കള്‍, മുതിര്‍ന്ന പൗരന്മാര്‍ എന്നിവരുടെ സംരക്ഷണത്തിനായി ഇന്ത്യാ ഗവണ്‍മെന്റ് 2007 ല്‍ നിയമം പാസാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളാ ഗവണ്‍മെന്റ് 2009ല്‍ വൃദ്ധമാതാപിതാക്കള്‍, മുതിര്‍ന്ന പൗരന്മാര്‍ എന്നിവരുടെ ക്ഷേമത്തിനും പരിപാലനത്തിനുമായി നിയമം പാസാക്കിയിട്ടുണ്ട്. ഈ നിയമത്തിലെ 20-ാം വകുപ്പ് മുതിര്‍ന്ന പൗരന്മാരുടെ സംരക്ഷണത്തിനാവശ്യമായ നടപടികള്‍ കൈക്കൊള്ളുന്നതിന് പോലീസിന് അധികാരം നല്‍കുന്നു. ഇതിന്റെ അടിസ്ഥാനത്തില്‍ ഡി.ജി.പി 16/10 ആയി പുറപ്പെടുവിച്ച ഉത്തരവിലെ നിര്‍ദ്ദേശങ്ങള്‍.

1) ബന്ധപ്പെട്ട ജില്ലാപോലീസ് സൂപ്രണ്ട്/സിറ്റി പോലീസ് കമ്മീഷണര്‍മാര്‍ എന്നിവര്‍ മുതിര്‍ന്ന പൗരന്മാരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനാവശ്യമായ നടപടികള്‍ കൈക്കൊള്ളണം.

2) ഓരോ പോലീസ് സ്റ്റേഷനിലും സ്റ്റേഷന്‍ അതിര്‍ത്തിയില്‍ താമസിച്ചു വരുന്ന മുതിര്‍ന്ന പൗരന്മാരുടെ പ്രത്യേകിച്ചും ഒറ്റയ്ക്ക് താമസിക്കുന്നവരെ സംബന്ധിച്ചുള്ള ഒരു രജിസ്റ്റര്‍ സൂക്ഷിക്കേണ്ടതാണ്. ഈ രജിസ്റ്ററിനെ "സീനിയര്‍ സിറ്റിസണ്‍ രജിസ്റ്റര്‍" എന്നാണ് അറിയപ്പെടുക. മുതിര്‍ന്ന പൗരന്മാരുടെ പേര്, വിലാസം, ലിംഗം, ജനനതീയതി, വയസ്, ടെലിഫോണ്‍ നമ്പരുകള്‍ അടുത്ത ബന്ധുവിന്റെ/ അയല്‍വാസിയുടെ ടെലിഫോണ്‍ നമ്പര്‍ എന്നിവ ഈ രജിസ്റ്ററില്‍ രേഖപ്പെടുത്തണം.

3) പോലീസ് സ്റ്റേഷനിലെ ഒരു പ്രതിനിധിയും കഴിയുന്നിടത്തോളം സ്ഥലത്തെ ഒരു സാമൂഹിക പ്രവര്‍ത്തകനോ/സന്നദ്ധസേവകനുമായി ചേര്‍ന്ന് മാസത്തിലൊരിക്കല്‍ സ്റ്റേഷന്‍ പരിധിയിലുള്ള മുതിര്‍ന്ന പൗരന്മാരെ സന്ദര്‍ശിച്ചിരിക്കണം. ഇതിന് പുറമെ മുതിര്‍ന്ന പൗരന്മാര്‍ ആവശ്യപ്പെടു ബോഴെല്ലാം എത്രയും പെട്ടെന്ന് അവരുടെ വീടുകള്‍ സന്ദര്‍ശിക്കുകയും ആവശ്യമായ സഹായങ്ങള്‍ ചെയ്തു കൊടുക്കുകയും വേണം.

The contents of this document may be deemed to be based on received information which is subject to further verification

4) മുതിർന്ന പൗരന്മാരുടെ പരാതികൾ/പ്രശ്നങ്ങൾ എന്നിവയിൽ പോലീസ് സത്വര നടപടികൾ കൈക്കൊള്ളണം.

5) മുതിർന്ന പൗരന്മാരുമായി, പ്രത്യേകിച്ചും ഒറ്റയ്ക്ക് താമസിക്കുന്നവരുമായി സ്ഥിരമായി ബന്ധപ്പെടുന്നതിന് ഓരോ പോലീസ് സ്റ്റേഷനിലും ഒന്നോ അതിൽ കൂടുതലോ വോളണ്ടിയർ കമ്മറ്റികൾ രൂപീകരിക്കണം. പോലീസിലേയും ജില്ലാ ഭരണകൂടത്തിലേയും അംഗങ്ങളാണ് ഈ കമ്മറ്റികളിൽ ഉണ്ടായിരിക്കേണ്ടത്.

6) സ്ഥിരമായ ഇടവേളകളിൽ പോലീസ് കമ്മീഷണർമാർ/പോലീസ് സൂപ്രണ്ടുമാർഎന്നിവർ മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനായി കൈക്കൊണ്ട നടപടികളെ സംബന്ധിച്ച് മാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തണം.

7) ഓരോ പോലീസ് സ്റ്റേഷനിലും മുതിർന്ന പൗരന്മാർക്കെതിരെ നടക്കുന്ന കുറ്റകൃത്യങ്ങളെ സംബന്ധിച്ച ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഈ രജിസ്റ്ററിനെ "മുതിർന്ന പൗരന്മാർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ സംബന്ധിച്ച രജിസ്റ്റർ" എന്നറിയപ്പെടും. പരാതിക്കാരന്റെ പേര്, ക്രൈം നമ്പർ, കുറ്റം ചെയ്ത വകുപ്പുകൾ, സംഭവം നടന്ന ദിവസം , കേസ് രജിസ്റ്റർ ചെയ്ത ദിവസം , പ്രതിയുടെ പേര്, അറസ്റ്റ് ചെയ്തിട്ടുണ്ടോ ഇല്ലയോ, കേസിന്റെ തീർപ്പ് എന്നിവ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

8) തങ്ങളുടെ സംരക്ഷണം കണക്കിലെടുത്ത് മുതിർന്ന പൗരന്മാർ ചെയ്യേണ്ടതും ചെയ്യാൻ പാടില്ലാത്തതുമായ കാര്യങ്ങളെ സംബന്ധിച്ച ഒരു പട്ടിക പ്രസിദ്ധീ കരിക്കണം.

9) മുതിർന്ന പൗരന്മാരുടെ സഹായികൾ, ജോലിക്കാർ എന്നിവരുടെ മുൻകാല പ്രവർത്തികളെ കുറിച്ച് മുതിർന്ന പൗരന്മാർ ആവശ്യപ്പെടുന്നപക്ഷം അന്വേഷണം നടത്തണം.

10) മുതിർന്ന പൗരന്മാരുടെ സുരക്ഷയ്ക്കായി സർക്കാരിതര സംഘടനകൾ, യൂത്ത് വോളണ്ടിയർമാർ, റസിഡൻസ് വെൽഫയർ അസോസിയേഷനുകൾ, അയൽവാസികൾ എന്നിവരുമായി സംയോജിച്ച് കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതികൾ ആവിഷ്കരിക്കണം.